പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4809 | 27.06.2014 ലെ മറുപടിയ്ക്ക്

## രാസവളങ്ങളുടെ വിലവർദ്ധനവ്

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ
ശ്രീമതി. കെ.കെ.ലതിക
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.സി.കെ.സദാശിവൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** രാസവളങ്ങളുടെ വില വർദ്ധനവു മൂലം ഒന്നാംവിള കൃഷിയിറക്കുന്നതിന് കർഷകർ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** രാസവളങ്ങളുടെ വിലവർദ്ധനവിന്റെ ആഘാതം കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**(ബി)** രാസവളങ്ങളുടെ വിലവർദ്ധനവിന്റെ ആഘാതം കുറയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് 08.11.2011 മുതൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ്, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ ഉൽപാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് പരമാവധി 50% വരെ സബ്സിഡി അനുവദിക്കുന്നുണ്ട്.

**(സി)** കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ വിവിധ രാസവളങ്ങളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ നൽകാമോ; എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ?

**(സി)** വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| വളം | വർഷം | | | | | വർദ്ധനവ് (%) (2010-2014) |
|---|---|---|---|---|---|---|
| | 2010 | 2011 | 2012 | 2013 | 2014 | |
| ഫാക്ടംഫോസ് | 6895 | 14751 | 16468 | 17751 | 17751 | 157.45 |
| പൊട്ടാഷ് | 4635 | 15900 | 15900 | 16000 | 16000 | 245.19 |
| 10:26:26 | 7897 | 13600 | 16000 | 20900 | 21100 | 167.19 |
| യൂറിയ | 4634 | 5310 | 5362 | 5413 | 5413 | 16.81 |

സെക്ഷൻ ഓഫീസർ